# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **883** **10.02.2016** - ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വർക്കല കഹാർ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ആർ . സെൽവരാജ്**<br>**ശ്രീ. ഷാഫി പറമ്പിൽ** | | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; | (എ) | കേരള ജല അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതിയുടെ നിർമ്മാണസമയത്ത് ഉണ്ടാകുന്ന സാങ്കേതികവും പ്രാദേശികവുമായ തടസ്സങ്ങൾ ഔദ്യോഗിക തലത്തിലും ജനപ്രതിനിധികളുടെ സാന്നിദ്ധ്യ ത്തിലും ചർച്ച ചെയ്ത് തടസ്സങ്ങൾ നീക്കി പണികൾ നടപ്പാക്കി വരുന്നു. ഇതിനു പുറമേ അവലോകന യോഗങ്ങൾ നടത്തിയും വീഡിയോ കോൺഫറൻസിലൂടെയും പദ്ധതിയുടെ പുരോ ഗതികൾ വിലയിരുത്തി പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | സമയബന്ധിതമായി പദ്ധതി പൂർത്തീകരിച്ച ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ